# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തൂണേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ /കെ കെ ഡി / പി8/550/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 30/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തൂണേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ ജനറൽ,കോഴിക്കോട്,
3)കാര്യാലയ പകർപ്പ്

നമ്പർ: കെ എസ് എ /കെ കെ ഡി / പി8/550/2022 തീയ്യതി: 30/03/2022

## കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-01-2020 മുതൽ 18-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.പ്യാരിലാൽ ടി.സി | ജോയിന്റ് ഡയരക്ടർ | 19-03-2022 | 25-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 19-03-2022 | 25-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ബാലകൃഷ്ണൻ കെ.എം, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ.ഗിരീശൻ പാറപ്പൊയിൽ , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ. ജയകുമാർ പാലോളി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ജാസിർ സി.എം, ഓഡിറ്റർ
ശ്രീ.ശ്രീജിത്ത് കെ.വി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സി.എച്ച് ബാലകൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീമതി കെ.പി വനജ | ചെയർപേഴ്സൺ | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.രേണു കെ.പി | എ.ഡി.എ | 01-04-2020 | 30-06-2020 |
| ശ്രീ.ഇബ്രായി കെ.എൻ | എ.ഡി.എ(ഇൻചാർജ്) | 01-07-2020 | 08-07-2020 |
| ശ്രീ.ഇബ്രായി കെ.എൻ | എ.ഡി.എ(ഇൻചാർജ്) | 09-07-2020 | 31-12-2020 |
| ശ്രീമതി അശ്വതി സി.എൻ | എ.ഡി.എ | 01-01-2021 | 31-03-2021 |
| ശ്രീമതി വസന്ത പി.എം | സിഡിപിഒ | 01-04-2020 | 17-09-2020 |
| ശ്രീമതി ഷിനി ജി.കെ | സിഡിപിഒ | 18-09-2020 | 03-12-2020 |
| ശ്രീമതി അഞ്ചന എം | സിഡിപിഒ | 04-12-2020 | 31-03-2021 |
| ശ്രീ അഷ്വർ ടി | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.ദിനേശ് എം.ജി | ജി.ഇ.ഒ | 01-04-2020 | 14-09-2020 |
| ശ്രീ അനിൽകുമാർ ജി | ജി.ഇ.ഒ | 15-09-2020 | 28-02-2021 |
| ശ്രീ റഷീദ് കെ.പി | ജി.ഇ.ഒ(ഇൻചാർജ്) | 01-03-1921 | 31-03-2021 |
| ഡോ.ജമീല എം | മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ,നാദാപുരം | 01-04-2020 | 31-03-2021 |
| ശ്രീ.ദിലീപ്കുമാർ | എ.ഇ.ഇ | 01-04-2020 | 31-03-2021 |
| ശ്രീ അബ്ദുൾഗഫൂർ | എ.ഇ | 01-04-2020 | 07-08-2020 |
| ശ്രീ അബ്ദുൾ റനീഷ് | എ.ഇ | 08-08-2020 | 11-10-2020 |
| ശ്രീമതി തേജവിജയൻ | എ.ഇ | 12-10-2020 | 31-03-2021 |
| ഡോ.ശ്രീരേഖ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2020 | 31-03-2021 |
| ശ്രീമതി അനുപമസുഗതൻ | ക്ഷീരവികസനഓഫീസർ | 01-04-2020 | 25-02-2021 |
| ശ്രീമതി സജിത പി | ക്ഷീരവികസനഓഫീസർ | 26-02-2021 | 31-03-2021 |
| ശ്രീ.അഫ്സൽ പി.എൻ | സെക്രട്ടറി | 01-04-2020 | 31-01-2021 |

| | | | |
|---|---|---|---|
| ശ്രീമതി.രജിത കെ | സെക്രട്ടറി | 01-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-4 |
| 6 | പദ്ധതി ആസൂത്രണം ,നിർവ്വഹണം ,മോണിറ്ററിംഗ്- അപാകതകൾ<br>Written By: Gireeshan Parappoyil (Audit Officer (HG), On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-5 |
| 7 | കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം- അപാകതകൾ<br>Written By: Srijith K.V (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-6 |
| 8 | വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം - പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Balakrishnan K.M (Audit Officer (HG), On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-7 |
| 9 | ഒരേ നിർമ്മാണ പ്രവൃത്തികൾക്കായി ഒന്നിൽ കൂടുതൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നു.<br>Written By: Jayakumar Paloli (Asst. Audit Officer, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-8 |
| 10 | സെക്കന്ററി പാലിയേറ്റീവ് കെയർ -മരുന്നുകൾ ,അനുബന്ധ ഉപകരണങ്ങൾ എന്നിവ മുഴുവൻ ലഭ്യമായില്ല<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-9 |
| 11 | റോഡ് നിർമ്മാണ പുനരുദ്ധാരണ പദ്ധതികളിലെ പൊതു അപാകതകൾ<br>Written By: Jayakumar Paloli (Asst. Audit Officer, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-10 |
| 12 | ഈ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല<br>Written By: Jayakumar Paloli (Asst. Audit Officer, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-11 |
| 13 | ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി -വിനിയോഗവിവരം,പ്രൊജക്ട് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.<br>Written By: Jasir C M (Auditor, On 24-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-12 |
| 14 | ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - അപാകതകൾ<br>Written By: N. Rajeevan (Senior Grade Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-13 |

| | | |
|---|---|---|
| 15 | പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ് - ഡാറ്റാ എൻട്രി ഇനത്തിൽ അധിക ചെലവ്<br>Written By: N. Rajeevan (Senior Grade Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 1-14 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ് - ഡാറ്റാ എൻട്രി ഇനത്തിൽ അധിക ചെലവ്<br>Written By: Balakrishnan K.M (Audit Officer (HG), On 26-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jasir C M (Auditor, On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Balakrishnan K.M (Audit Officer (HG), On 25-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jasir C M (Auditor, On 23-03-2022)<br>Last Updated By: Pyarilal.T.C (Joint Director, On 30-03-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ് തയ്യാറാക്കിയതിലും പരിപാലനത്തിലും അപാകതകൾ

25.3.20 ന് തീരുമാനം ഒന്ന് പ്രകാരം ഭരണസമിതി അംഗീകരിച്ച ബജറ്റ് തയ്യാറാക്കിയതിലും പരിപാലിച്ചതിലും മുൻ വർഷത്തിൽ സംഭവിച്ചതിനേക്കാൾ അപാകതകൾ ഓഡിറ്റ് വർഷത്തിലുണ്ടായിട്ടുണ്ട്. അംഗീകരിച്ച ബജറ്റ് പ്രകാരം വരവ് ചെലവുകൾ താഴെപറയും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 2829928 |
| വരവ് | 63226348 |
| ആകെ | 66056276 |
| ചെലവ് | 61614148 |
| നീക്കിയിരിപ്പ് | 4442128 |

അപാകതകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

എ)മുൻ വർഷത്തെ യഥാർത്ഥ മുന്നിരിപ്പ് കാണാതെ ബജറ്റ് തയ്യാറാക്കി

ഏതൊരു വർഷത്തേയും ബജറ്റ് തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കേണ്ടത് ബജറ്റ് തയ്യാറാക്കുന്ന വർഷത്തിന് മുമ്പുള്ള വർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കുകളെ അടിസ്ഥാനമാക്കിയാണ്. ഇത് പ്രകാരം ഓഡിറ്റ് വർഷത്തെ ബജറ്റ് തയ്യാറാക്കാൻ അടിസ്ഥാനമാക്കേണ്ടത് 2017-18 വർഷത്തെ കണക്കുകളാണെന്ന് കാണാം. ബജറ്റ് പരിശോധിച്ചതിൽ 2017-18 വർഷത്തെ മുന്നിരിപ്പായി സ്വീകരിച്ചിരിക്കുന്നത് 15362055/- രൂപയാണെന്ന് കാണുന്നു. എന്നാൽ 2016-17 വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ യഥാർത്ഥ നീക്കിയിരിപ്പ് (ഇതുതന്നെയാണ് 2017-18 വർഷത്തെ മുന്നിരിപ്പ്) താഴെ പറയും പ്രകാരം 8647909/- രൂപയാണ്

B 15+B17 = 30173749-

B2+B4+B7+B9 = 21525840

8647909/-

യഥാർത്ഥ മുന്നിരിപ്പിൽ നിന്നും തികച്ചും വ്യത്യസ്തമായ തുകയാണ് ബജറ്റിൽ സ്വീകരിച്ചതെന്ന് കണക്കുകൾ കാണിക്കുന്നു. യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയല്ല ബജറ്റ് തയ്യാറാക്കിയതെന്നും ഇതുകൊണ്ട് തന്നെ അത് വസ്തുതാപരമല്ലെന്നും ഇതിൽ നിന്നും വ്യക്തമാകുന്നു.

ബി) തനത് ഫണ്ട്- ബജറ്റ് പ്രൊവിഷനും വാർഷിക പദ്ധതി വകയിരുത്തലും പൊരുത്തപ്പെടുന്നില്ല

ബജറ്റ് പ്രകാരം 200000/- രൂപയാണ് വാർഷിക പദ്ധതിക്കായി വകയിരുത്തിയത്. മുന്നിരിപ്പ്, നികുതി , നികുതിയേതിര വരുമാനങ്ങൾ, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവ കൂട്ടിയ തുകയിൽ നിന്നും നീക്കിയിരിപ്പ് തുകയും അനിവാര്യചുമതലകൾ നിർവ്വഹിക്കുന്നതിന് വകയിരുത്തിയ തുകയും കൂട്ടിയ തുക കുറവ് വരുത്തിയാൽ ലഭിക്കുന്ന തുകയാണിത്. എന്നാൽ 12.3.20ന് ഭരണ സമിതി ഒന്നാം നമ്പരായി അംഗീകരിച്ച വാർഷിക പദ്ധതിയിൽ 250000/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ബജറ്റ് പ്രൊവിഷനില്ലാതെ 50000/- രൂപ വാർഷിക പദ്ധതിക്ക് വകയിരുത്തിയത് ക്രമപ്രകാരമല്ല. വർഷാവസാനം ബജറ്റ് പുതുക്കിയപ്പോൾ തനത് ഫണ്ട് പ്രൊവിഷൻ 3330000/-രൂപയായി ഉയർന്നെങ്കിലും അന്തിമ പദ്ധതി ചെലവ് രേഖ പ്രകാരം വാർഷിക പദ്ധതി വകയിരുത്തൽ 330000/-രൂപ മാത്രമായി. ബജറ്റിൽ വകയിരുത്തിയ അവശേഷിക്കുന്ന തനത് ഫണ്ട് തുക 30 ലക്ഷം

രൂപ എപ്രകാരം വിനിയോഗിക്കുമെന്ന് വ്യക്തത വരുത്തിയില്ല.

സി) വാർഷിക പദ്ധതി അടങ്കൽ തുകയും ബജറ്റ് പ്രൊവിഷനും പൊരുത്തപ്പെടുന്നില്ല

പ്ലാൻ റവന്യൂ ചെലവുകൾക്കും മൂലധന ചെലവുകൾക്കും ബജറ്റ് ഷെഡ്യൂൾ 9, 12 എന്നിവ പ്രകാരം ആകെ വകയിരുത്തിയ തുക 57264348/-രൂപയാണ് . എന്നാൽ സ്ഥാപനത്തിന്റെ ഡി.പി.സി അംഗീകരിച്ച വാർഷിക പദ്ധതി അടങ്കൽ 45714348/- രൂപയുടേത് മാത്രമായിരുന്നു. ബജറ്റിൽ വകയിരുത്തിയ 1.15കോടി രൂപ എപ്രകാരം വിനിയോഗിക്കുമെന്ന് വ്യക്തതയില്ലെന്ന് കാണാം. വർഷാന്ത്യം ബജറ്റ് പുതുക്കിയപ്പോൾ പ്രൊവിഷൻ 48164000/-രൂപ മാത്രമായപ്പോൾ അന്തിമ പദ്ധതി ചെലവ് പത്രിക പ്രകാരം വാർഷിക പദ്ധതി അടങ്കൽ 9.26 കോടിയുടേതായതായി കാണുന്നു. ബജറ്റ് പ്രൊവിഷനില്ലാതെ 4.44കോടി രൂപയുടെ പദ്ധതികൾ ആസൂത്രണം ചെയ്തതായി ഇത് കാണിക്കുന്നു.

ഡി) സർക്കാർ ഗ്രാന്റുകൾ -അലോട്ട്മെന്റിനേക്കാൾ കുറഞ്ഞ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചു

പ്ലാൻ, മെയിന്റനൻസ് ഗ്രാന്റിനങ്ങളിൽ സംസ്ഥാന സർക്കാർ ബജറ്റ് പ്രകാരം അലോട്ട് ചെയ്ത തുകയേക്കാൾ കുറഞ്ഞ തുകയാണ് സ്ഥാപനത്തിന്റെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എല്ലാ ഗ്രാനിറിനങ്ങളിലുമായി ആകെ 45113000/-രൂപയാണ് സർക്കാർ അനുവദിച്ചതെങ്കിലും (ഇതേ തുക തന്നെയാണ് വാർഷിക പദ്ധതിക്കായി വകയിരുത്തിയത്) ബജറ്റിൽ 44663000/-രൂപയാണ് വകയിരുത്തിയത്. സംസ്ഥാന ബജറ്റിന് ശേഷമാണ് സ്ഥാപനത്തിന്റെ ബജറ്റ് തയ്യാറാക്കിയതെന്നിരിക്കെ, 4.5ലക്ഷം രൂപ വകയിരുത്തിയതിൽ കുറഞ്ഞുപോയത് എന്ത് കാരണം കൊണ്ടാണെന്ന് വ്യക്തമല്ല.

മേല്പറഞ്ഞത് കൂടാതെ മുൻ വർഷത്തെ ബജറ്റ് രൂപീകരണത്തിലെന്നപോലെ റവന്യൂ വരവ് ചെലവുകൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയത് നടപടിക്രമമനുസരിച്ചല്ല. ബജറ്റിന്റെ ഭാഗമായി തയ്യാറാക്കേണ്ട ബജറ്റ് സ്പീച്ച്, ബജറ്റ് നോട്ട്,വർക്ക് ഷീറ്റുകൾ,ജന്റർ ബജറ്റ്, പെർഫോമൻസ് ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടുമില്ല.

ബജറ്റുമായി ബന്ധപ്പെട്ട മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും അപാകതകൾ പരിഹരിച്ചുകൊണ്ട് തുടർ വർഷങ്ങളിൽ ബജറ്റ് തയ്യാറാക്കി വിവരം അറിയിക്കേണ്ടതുമാണ്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 18.05.2021 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

ളുണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-21 വാർഷിക കണക്ക് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം Loans&Advances എന്നീ ഇനങ്ങളിൽ 12415974/-രൂപ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

2. ബി.11ലെ Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc.) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിലെ ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

5. ക്ലോസിംഗ് സ്റ്റോക്ക് ഇനത്തിലുള്ള നീക്കിയിരിപ്പ് സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. റെസീറ്റ് & പേയ്മെന്റ് -R.P-10 പ്രകാരം Miscellaneous Receipts ഇനത്തിൽ 201140/- രൂപ വരവുണ്ട്. ഇത് സംബന്ധിച്ച രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

7.ലോൺ രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ലോൺ അടവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

8.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് ഇനത്തിൽ 1088498/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് സംബന്ധിച്ച രജിസ്റ്റർ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകയുടെ കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

9.BPFA-1 എക്കൌണ്ട് ക്ലോസ് ചെയ്തിട്ടുണ്ടെങ്കിലും വാർഷികകണക്കിൽ 125000/-രൂപ നീക്കിയിരിപ്പായി കാണിക്കുന്നുണ്ട്.

10.Canara Bank(I.W.M.P) അക്കൗണ്ട് (നം-826) ദീർഘകാലമായി ഇടപാടുകൾ നടക്കാത്തതാണ്. വാർഷികകണക്ക് പ്രകാരം 175444/-രൂപ നീക്കിയിരിപ്പുണ്ട്. ഉപയോഗിക്കാതെ അവശേഷിക്കുന്ന തുക തിരികെ അടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

11.കേരള ഗ്രാമീൺ ബാങ്കിന്റെ തൂണേരി ശാഖയിലെ നാദം അക്കൗണ്ടിൽ (അക്കൗണ്ട് നം-40134100128) 1467153/- രൂപ നീക്കിയിരിപ്പുണ്ട്. 31.03.2012 ന് ശേഷം അക്കൗണ്ടിൽ ഇടപാടുകൾ നടന്നിട്ടില്ല.

12.ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം Other Liabilities ഇനത്തിൽ 38238/- രൂപ സർക്കാറിന്റെ വിവിധ ഏജൻസികളിലേയ്ക്ക് അടവാക്കുന്നതിന് അവശേഷിക്കുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഡ്യൂസ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

13.അടിസ്ഥാന അനുപാതങ്ങൾ, റേഷ്യോസ്, പ്രധാനപ്പെട്ട അക്കൗണ്ട് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ വാർഷികകണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 14635910.5 |
| വരവ് | 54799179 |
| ആകെ | 69435089.5 |
| ചെലവ് | 59386390 |
| നീക്കിയിരിപ്പ് | 10048699.5 |

1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 31123068 | 31123068 | 30975330 | 147738 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2483499 | 2483499 | 2327320 | 156179 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 1436000 | 1436000 | 1231650 | 204350 |

| | | | | | | |
|---|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5436451 | 5436451 | 5436451 | 0 |
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | ടൈഡ് | | 5850000 | 5850000 | 1169442 | 4680558 |
| | അൺ-ടൈഡ് | 0 | 5850000 | 5850000 | 5464044 | 385956 |
| ജനറൽ പർപ്പസ് ഫണ്ട് | | 0 | 5032000 | 5032000 | 152528 | 4879472 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം.തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1)ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കോഷനും സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

1-5 പദ്ധതി ആസൂത്രണം ,നിർവ്വഹണം ,മോണിറ്ററിംഗ്- അപാകതകൾ

സ്ഥാപനത്തിന്റെ ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതി വകയിരുത്തലും അതിൽ നിന്നുള്ള ചെലവും താഴെ പറയും പ്രകാരമാണ്.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|
| 133 | 92648979 | 114 | 47668711 | 19 |

പദ്ധതിപ്രവർത്തനങ്ങൾ വിലയിരുത്തിയതിൽ പ്രൊജക്ടുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും, അവയുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിലും വിവിധങ്ങളായ അപാകതകൾ സംഭവിച്ചതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. അവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

1) വാർഷിക പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപെട്ട ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതല്ല

2019-20 വർഷത്തിൽ സംഭവിച്ച പോലെ , കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 172(1), പട്ടിക 4 പ്രകാരമുള്ള ഉത്തരവാദിത്വങ്ങൾ നറവേറ്റുന്നതിനുള്ള പ്രൊജക്ടുകളല്ല ഓഡിറ്റ് വർഷത്തിലും ആസൂത്രണം ചെയ്യപ്പെട്ടത്. കാർഷികം, മൃഗസംരക്ഷണവും ക്ഷീരോത്പാദനവും, ചെറുകിടജലസേചനം, ചെറുകിട വ്യവസായം, വിദ്യുച്ഛക്തിയും ഊർജ്ജവും, പൊതുമരാമത്ത്, സഹകരണം തുടങ്ങിയ മേഖലകളിലെല്ലാം നിയമം അനുശാസിക്കുന്ന മേഖലാപരമായ ചുമതലകൾ നിർവ്വഹിക്കപ്പെട്ടില്ലെന്ന് പ്രൊജക്ടുകൾ സാക്ഷ്യപ്പെടുത്തുന്നു. പൊതുവായ ചുമതലകളിൽ, ആവർത്തനം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ പദ്ധതികൾ കണക്കിലെടുത്തശേഷം പദ്ധതികൾ തയ്യാറാക്കുകയും ബാക്ക് വേർഡ് ഫോർവേർഡ് ലിങ്കേജ് നല്കുകയും ചെയ്യുക എന്ന ചുമതലയിലും, സബ്സിഡി മാർഗ്ഗരേഖയിലെ സാധ്യതകളിലും ഊന്നിയാണ് വാർഷികപദ്ധതി രൂപീകരിച്ചിരിക്കുന്നത്. ഇതുകൊണ്ട് തന്നെ മിക്ക മേഖലകളിലും ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ചെയ്യേണ്ട പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടു. ഇത് ഈ മേഖലകളുടെ വികാസത്തിന് തടസ്സം നില്ക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. 2019-20, 2020-21 വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ, കാർഷിക മേഖലയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാ

ചുമതലകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രൊജക്ടുകളൊന്നും തന്നെയില്ലെന്നും, നിയമപ്രകാരം ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയ കാര്യങ്ങൾക്കാണ് പ്രൊജക്ടുകൾ രൂപീകരിച്ച് തുക ചെലവഴിച്ചതെന്നും നിയമപരമായി ഉത്തരവാദപ്പെട്ട കർത്തവ്യങ്ങൾ പൂർണ്ണമായും നിർവ്വഹിക്കപ്പെട്ടതിന് ശേഷമാണോ ഈ വർഷങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ പെട്ട കാര്യങ്ങൾക്ക് പ്രൊജക്ടുകൾ തയ്യാറാക്കി തുക ചെലവഴിച്ചത് എന്ന കാര്യത്തിൽ വ്യക്തത നല്കണമെന്നും ആവശ്യപ്പെട്ട് കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നല്കിയ എൻക്വയറിക്ക് മറുപടി നല്കിയിട്ടില്ലെന്ന കാര്യം ഇവിടെ ശ്രദ്ധേയമാണ്.

2) വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തനരഹിതം

പദ്ധതികളുടെ ആസൂത്രണം നിർവ്വഹണം മോണിറ്ററിംഗ് എന്നീ മേഖലകളിൽ അടിസ്ഥാനപരവും നിർണ്ണായകവുമായ പ്രവർത്തനം നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ മുൻ വർഷത്തെ പോലെ ഓഡിറ്റ് വർഷത്തിൽ നിഷ്ക്രിയമായിരുന്നെന്ന് ഗ്രൂപ്പുകളുടെ മിനിട്സുകൾ സാക്ഷ്യപ്പെടുത്തുന്നു. ഓഡിറ്റ് വർഷത്തെ പദ്ധതി ആസൂത്രണത്തിന് മാത്രമായാണ് ഗ്രൂപ്പുകൾ യോഗം ചേർന്നത് . ഇതിൽ പദ്ധതി നിർദ്ദേശങ്ങൾ അക്കമിട്ട് നിരത്തിയതല്ലാതെ ചർച്ചകളൊന്നും നടത്തിക്കാണുന്നില്ല. തൻവർഷത്തെ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് യോഗങ്ങളൊന്നും തന്നെ സ്ഥാപനം ചേർന്നിട്ടില്ല. പ്രൊജക്ടുകളുടെ നിർവ്വഹണം മോണിറ്റർ ചെയ്യുകയെന്ന പ്രധാന കർത്തവ്യം നിർവ്വഹിക്കപ്പെട്ടില്ലെന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നു.

3) പ്രൊജക്ടുകൾസ്റ്റാറ്റസ് റിപ്പോർട്ടുകളിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നവയല്ല

മുൻ വർഷത്തെ പോലെ ഓഡിറ്റ് വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിലും സ്ഥാപനത്തിന്റെ ഉത്തരവാദിത്വങ്ങൾക്ക് അനുസൃതമായ തരത്തിൽ പൂർണ്ണതയുള്ള അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. കില തയ്യാറാക്കിയ, 'തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനമേഖലാ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സഹായി' അടിസ്ഥാനപ്പെടുത്തിയാണ് വിവിധമേഖലകളിലെ സ്റ്റാററസ് റിപ്പോർട്ട് സ്ഥാപനം തയ്യാറാക്കിയിട്ടുള്ളത്. പ്രധാനമായും ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്വങ്ങളെ അടിസ്ഥാനപ്പെടുത്തിയ വിവരങ്ങളാണ് മാതൃകയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നതിനാൽ വിവിധ മേഖലകളിൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കിട്ടിയ ചുമതലകളുമായി ബന്ധപ്പെട്ട അടിസ്ഥാനവിവരങ്ങളൊന്നും തന്നെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുകയോ വിശകലനം ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല (ഫോറങ്ങൾ മാതൃകകൾ മാത്രമാണെന്നും യുക്തമായ രീതിയിൽ ഇത് പരിഷ്കരിക്കുകയോ ആവശ്യമെങ്കിൽ കൂടുതൽ ഫോറങ്ങൾ ഉൾച്ചേർക്കുകയോ ആകാമെന്ന് സഹായിയിൽ വ്യക്തമാക്കിയിട്ടുണ്ട്) ഇതുകൊണ്ട് തന്നെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്തുന്നതിൽ സ്ഥാപനം പരാജയപ്പെട്ടിട്ടുണ്ട്.

ആസൂത്രണത്തിലേയും നിർവ്വഹണത്തിലേയും മേല്പറഞ്ഞ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നല്കിയിട്ടില്ല. വിശദീകരണം നല്കേണ്ടതും അപാകതകൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കേണ്ടതുമാണ്.

1-6 കാർഷിക മേഖലയിലെ പദ്ധതി നിർവ്വഹണം- അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകളുള്ളതായി ഓഡിറ്റ് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥനോ സ്ഥാപനമോ മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ പട്ടിക ബ്ലോക്ക് പഞ്ചായത്ത് അംഗീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തുകൾ അംഗീകരിച്ച് സമർപ്പിക്കുന്ന ഗുണഭോക്തൃ ലിസ്റ്റുകൾ പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥൻ സബ്സിഡി ആനുകൂല്യം വിതരണം ചെയ്യുന്ന പ്രവണതയാണ് നിലവിലുള്ളത്. ബ്ലോക്ക് പഞ്ചായത്ത് ഗുണഭോക്തൃ പട്ടിക അംഗീകരിക്കുകയോ മുൻഗണന നിശ്ചയിച്ച് നൽകുകയോ

ചെയ്യുന്നില്ല. ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് സമർപ്പിച്ച ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്ത ഗ്രൂപ്പുകൾക്കും നിർവ്വഹണ ഉദ്യോഗസ്ഥൻ ആനുകൂല്യം നൽകിയിട്ടുണ്ട് . ഉദാ- 150/2020-21 തരിശുഭൂമിയിൽ ഇടവിളകൃഷി( വനിതകൾക്ക് ) എന്ന പദ്ധതി പ്രകാരം വളയം ഗ്രാമപഞ്ചായത്തിലെ ഉദയം ജെ.എൽ.ജി ക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ഗ്രൂപ്പ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

1. കാർഷിക പദ്ധതികൾ വനിതാ ഘടക പദ്ധതിയായി നടപ്പാക്കി.

സ.ഉ.(കൈ) നം.11/2018 തസ്വഭവ. തി.29.01.2018പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.5-3 (10)ൽ വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ഖ.6-3(iii) ൽ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രൊജക്ടുകൾ വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശത്തിന് വിരുദ്ധമായി വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പദ്ധതികളും കാർഷിക മേഖലയിൽ വനിതാ ഘടക പദ്ധതിയായി നടപ്പാക്കി

2. ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തിൽ ആസൂത്രണം ചെയ്ത പദ്ധതികൾ അതേ ലക്ഷ്യം മുൻനിർത്തി ബ്ലോക്ക് പഞ്ചായത്തും ആസൂത്രണം ചെയ്ത് നടപ്പാക്കി.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണം നടത്തിയ പദ്ധതികൾ പരിശോധിച്ചതിൽ നിന്നും സമാന പദ്ധതികൾ 2020-21 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ഗ്രാമപഞ്ചായത്തുകളും നിർവ്വഹിച്ചതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പട്ടിക 3 പ്രകാരം കൃഷിയുമായി ബന്ധപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് പകരം ഗ്രാമപഞ്ചായത്തുകൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ ആവർത്തിക്കുന്നതിലൂടെ മേഖലയുടെ സമഗ്രമായ വികസനം അസാധ്യമാകുന്നു. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 166 പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് കാർഷിക മേഖലയിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള പദ്ധതികളുടെ അഭാവം മൂലം ഗ്രാമപഞ്ചായത്ത് തലത്തിൽ നിർവ്വഹിക്കപ്പെടുന്ന കാർഷിക പദ്ധതികളുടെ നിർവ്വഹണത്തിന് സഹായകമാകുന്ന തരത്തിലുള്ള മുൻ ബന്ധം സാധ്യമാക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽ നിന്നുമുള്ള പിൻവാങ്ങൽ ഗ്രാമപഞ്ചായത്ത് തലത്തിലെ പദ്ധതികളുടെ നിർവ്വഹണത്തിൽ നൂതന സാങ്കേതിക വിദ്യ, യന്ത്രവത്കരണം, എന്നീ ഘടകങ്ങളുടെ പ്രയോഗം സാധ്യമാകാത്ത സ്ഥിതി വിശേഷമുണ്ടാക്കുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമാക്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും ആയത് ഗ്രാമപഞ്ചായത്ത് പദ്ധതികൾക്ക് അനുപൂരകമാകുകയും മുൻ ബന്ധം ഉറപ്പാക്കേണ്ടതുമാണ്

## 1-7 വനിത സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭം - പദ്ധതി നടത്തിപ്പിലെ അപാകതകൾ

വനിതകളുടെ സ്വയം തൊഴിൽ ഗ്രൂപ്പ് സംരംഭങ്ങൾക്ക് ധനസഹായം നൽകുന്ന രണ്ട് പദ്ധതികൾ തൻവർഷം വികസനഫണ്ട് വിനിയോഗിച്ച് വ്യവസായ വികസന ഓഫീസർ നടപ്പിലാക്കിയിട്ടുണ്ട്. 5പേരടങ്ങുന്ന ആക്ടിവിറ്റി ഗ്രൂപ്പിനാണ് സബ്സിഡിയിനത്തിൽ ധനസഹായം നൽകിയിരിക്കുന്നത്. സബ്സിഡി ബേക്ക് എൻഡ് ആയി വായ്പ അനുവദിച്ച ബാങ്കിന് കൈമാറുകയാണ് ചെയ്തത്. വിശദവിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ - 36/2020-21<br>പദ്ധതിവിഹിതം ചെലവ് - 130000<br>ബിൽ - 323/2020-21തീ.30.03.21<br>ഗ്രൂപ്പ് - തവക്കൽ ഫുഡ് പ്രൊഡക്റ്റ്സ് ( തൂണേരി ഗ്രാമ പഞ്ചായത്ത്) | പ്രൊജക്ട് നമ്പർ - 88/2020-21(സ്പിൽ ഓവർ)<br>പദ്ധതി വിഹിതം ചെലവ് - 175000<br>ബിൽ - 151/2020-21തീ.29.04.2020<br>ഗ്രൂപ്പ് - എൻ .ആർ ഫുഡ് പ്രൊഡക്ട്സ് (എടച്ചേരി ഗ്രാമ പഞ്ചായത്ത്) |

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ബാക്ക് എൻഡ് സബ്സിഡി ബാങ്കിന് കൈമാറിയ ശേഷമാണ് ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പ അനുവദിച്ചത്.എന്നാൽ ലോൺ അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ, ലോൺ തുകയിൽ നിന്ന് സബ്സിഡിയായി നൽകിയ തുക കുറച്ചുള്ള തുകയ്ക്ക് മാത്രം പലിശ ഈടാക്കുന്നതിന് പകരം സബ്സിഡി ഉൾപ്പെടെയുള്ള മുഴുവൻ ലോൺ തുകയ്ക്കും പലിശയും മുതലും നിശ്ചയിച്ചാണ് ബാങ്ക് ഇ.എം.ഐ നിശ്ചയിച്ചിരിക്കുന്നത്. ഇതുവഴി സബ്സിഡി തുകയായി ബ്ലോക്ക്പഞ്ചായത്ത് ബാങ്കിന് കൈമാറിയ തുകയ്ക്കും ഗുണഭോക്താവ് പലിശ നൽകേണ്ടി വരുന്നു. തേങ്ങ അരവ് കേന്ദ്രം, ബേക്കറി തുടങ്ങിയവ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്ന തവക്കൽ ഫുഡ് പ്രൊഡക്ട്സിന് 213940രൂപയാണ് കേരള ഗ്രാമീൺ ബാങ്കിൽ നിന്ന് വായ്പ അനുവദിച്ചിരിക്കുന്നത്. 30.03.2021ന് സബ്സിഡി തുകയായ 130000 രൂപ ബാങ്കിന് കൈമാറിയിട്ടുണ്ട്.ഗ്രൂപ്പിന് വായ്പ അനുവദിച്ചിരിക്കുന്നത് 30.06.2021 ന് ആണ്.സബ്സിഡി കഴിച്ച് 83940 രൂപയ്ക്കാണ് ബാങ്ക് പലിശ ഈടാക്കേണ്ടിയിരുന്നത്. ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ട് പരിശോധിച്ചതിൽ ഓഡിറ്റ് തിയ്യതി വരെ സബ്സിഡി തുക വായ്പ തുകയിൽ ക്രമപ്പെടുത്തിയിട്ടില്ല.അപാകത പരിഹരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ ഇടപെടലുകൾ നടത്തിയിട്ടില്ല.

2)എൻ.ആർ ഫുഡ് പ്രൊഡക്ട്സിന് എടച്ചേരി സർവ്വീസ് സഹകരണ ബാങ്ക് ആണ് 285000രൂപ വായ്പ അനുവദിച്ചിരിക്കുന്നത്.175000രൂപ സബ്സിഡിയിനത്തിൽ ബാങ്കിന് കൈമാറിയിട്ടുണ്ട്. സബ്സിഡി തുക 22.05.2020 ന് വായ്പയിൽ വരവ് വെച്ചിട്ടുണ്ട്. 110000 രൂപയ്ക്ക് പലിശ ഈടാക്കുന്നതിന് പകരം 285000രൂപയ്ക്ക് ഗുണഭോക്താവ് പലിശ അടച്ച് 13.12.2021ന് വായ്പ അടച്ച് തീർത്തതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

3) പ്രൊജക്ട് തയ്യാറാക്കുന്നതിന് മുമ്പ് ബാങ്ക് അധികൃതരുടെ യോഗം വിളിക്കുകയോ പ്രൊജക്ട് സംബന്ധിച്ച് ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിൽ ഇതു സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടില്ല.

ആസൂത്രണ നടപടിക്രമങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിനാൽ പദ്ധതിപണം വിനിയോഗിക്കാൻ കഴിയാതിരിക്കുകയും ആനുകൂല്യം നൽകിയ ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട സബ്സിഡി ലഭിക്കാതെ വരികയും ചെയ്തു. ഇത് നിർവ്വഹണ ഉദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്,സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതുകൊണ്ടാണ്. സബ്സിഡി തുക വായ്പയിൽ നിന്ന് കുറവ് ചെയ്ത് ഇ.എം.ഐ പുനർനിശ്ചയിക്കാൻ ബാങ്ക് അധികൃതരോട് ആവശ്യപ്പെടേണ്ടതും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകി എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-8 ഒരേ നിർമ്മാണ പ്രവൃത്തികൾക്കായി ഒന്നിൽ കൂടുതൽ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നു.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീർ നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച് നടപ്പിലാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ രൂപീകരണ നിർവ്വഹണം പരിശോധിച്ചതിൽ ഒരേ പ്രവൃത്തികൾക്കായി ഒന്നിൽകൂടുതൽ പദ്ധതികൾ രൂപീകരിച്ചതായും നിർവ്വഹണം ചെയ്തതായും കാണുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | അടങ്കൽ | ചെലവ് |
|---|---|---|
| വെള്ളിയോട് ഗവ.യൂ.പി സ്മാർട്ട് ക്ലാസ്റൂം 75/20-21 | 200000 | 195642 |
| വെള്ളിയോട് ഗവ.യു.പി സ്കൂൾ സ്മാർട്ട് ക്ലാസ്റൂം പൂർത്തീകരണം 159/20-21 | 80000 | 64896 |
| വാണിമേൽ ഗ്രാമപഞ്ചായത്തിൽ പാനോം അങ്കണവാടി നിർമ്മാണം 101/20-21 | 900000 | 500000 |
| പാനോം അംഗൻവാടി പൂർത്തീകരണം 54/20-21 | 651348 | 564845 |
| കാക്കന്നൂർ അങ്കണവാടി കെട്ടിട നിർമ്മാണം 85/20-21 | 915557 | 515557 |
| കാക്കന്നൂർ അങ്കണവാടി കെട്ടിടനിർമ്മാണം പൂർത്തീകരണം 129/20-21 | 300000 | 277101 |

മേൽ നിർമ്മാണ പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതി പൂർത്തീകരണത്തിനാവശ്യമായ മുഴവൻ ഇനങ്ങളും ഉൾപ്പെടുത്താതെ പദ്ധതികൾക്കായി ഭാഗിക എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തുന്നതാണ് പദ്ധതി പൂർത്തീകരണത്തിനായി വീണ്ടും

പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കേണ്ടി വരുന്നതിനിടയാക്കിയത്. ഇക്കാരണത്താൽ തന്നെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയാതെയും പദ്ധതിലക്ഷ്യം കൈവരിക്കാതിരിക്കുന്നതിനും ഇടയാക്കുന്നു . ആയതിന് വിശദീകരണം നൽകേണ്ടതാണ്.

1-9 സെക്കന്ററി പാലിയേറ്റീവ് കെയർ -മരുന്നുകൾ ,അനുബന്ധ ഉപകരണങ്ങൾ എന്നിവ മുഴുവൻ ലഭ്യമായില്ല

പ്രോജക്ട് നം – 17/2020-21

നിർവ്വഹണം – മെഡിക്കൽ ഓഫീസർ,സി.എച്ച്.സി വളയം

അടങ്കൽ – 200000/-(പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് തുക – 200000/-(പാർട്ട് ബിൽ നം-22/2020-21 തിയ്യതി-14.10.2021

തുക-44626/-

പാർട്ട് ബിൽ നം-49/2020-21 തിയ്യതി-28.03.2021 തുക-15200/-)

സെക്കന്ററി പാലിയേറ്റീവ് കെയർ പദ്ധതി നിർവ്വഹണത്തിനായി 200000/- രൂപ ചെലവഴിച്ചതിൽ 59826/- രൂപ മരുന്നുകളും അനുബന്ധ മെഡിക്കൽ ഉപകരണങ്ങളും കെ.എം.എസ്സ്.സി.എൽ കാരുണ്യ ഡിവിഷനിൽ നിന്നും വാങ്ങുന്നതിനായാണ് ചെലവഴിച്ചിരിക്കുന്നത്. ഓഡിറ്റ് തീയതി വരെ 28123/-രൂപയുടെ മരുന്നുകളാണ് ലഭ്യമായിരിക്കുന്നത്. 31703/-രൂപയുടെ മരുന്നുകൾ ലഭ്യമാവുന്നതിന് അവശേഷിക്കുന്നുണ്ട്. മരുന്നുകൾ ലഭ്യമാവാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-10 റോഡ് നിർമ്മാണ പുനരുദ്ധാരണ പദ്ധതികളിലെ പൊതു അപാകതകൾ

ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് വിവിധ പഞ്ചായത്തുകളിലെ റോഡുകളിൽ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ടെങ്കിലും ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഗ്രമപഞ്ചായത്തിന്റെ രേഖാമൂലവുള്ള അനുമതി ഇല്ലാതെയാണ് പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്. രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ പരിപാലനമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നത് എങ്കിലും ഓഡിറ്റ് വർഷം രൂപീകരിച്ച റോഡ് നിർമ്മാണ പരിപാലന പദ്ധതികളിൽ ഭൂരിഭാഗവും ചെറിയ ചെയിനേജിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകൾക്കുള്ളിലെ റോഡ് നിർമ്മാണ പ്രവൃത്തികളാണ്. ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച 60 പൊതുമരാമത്ത് പദ്ധതികളിൽ ഭൂരിഭാഗം പദ്ധതികളും അഞ്ച് ലക്ഷമോ അഞ്ച് ലക്ഷത്തിൽ കുറവോ അടങ്കൽ മാത്രമുള്ള റോഡ് നിർമ്മാണ പ്രവൃത്തികളാണ്. ടെണ്ടർ രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് വർഷം ആകെ അഞ്ച് പദ്ധതികളിൽ മാത്രമാണ് ഈ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അവശേഷിക്കുന്ന ഭൂരിഭാഗം പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് പങ്കെടുത്തിട്ടുള്ളതെന്നും കാണുന്നു. ഇതിൽ തന്നെ ഒരാൾ എസ്റ്റിമേറ്റ് നിരക്കും രണ്ടാമത്തെയാൾ എസ്റ്റിമേറ്റിനേക്കാളും കൂടുതലും ക്വാട്ട് ചെയ്യുകയും എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്തയാൾക്ക് പ്രവൃത്തി അനുവദിക്കുകയും ചെയ്യുകയുമാണ് ചെയ്തിട്ടുള്ളത്. ഇതിൽ നിന്നും തൻവർഷത്തെ പൊതുമരാമത്ത് പദ്ധതികളുടെ ടെണ്ടർ നടപടികൾ മത്സരക്ഷമമായിരുന്നില്ല എന്ന് വ്യക്തമാകുന്നു. ചെറിയ ചെയിനേജിലും അടങ്കലിലുമുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ തയ്യാറാക്കുന്നതാണ് ടെണ്ടറുകളിൽ ക്ഷമതയുള്ള കരാറുകാരുടെ സാന്നിധ്യം ഉറപ്പാക്കാൻ കഴിയാതെ വരുന്നതിനിടയാക്കിയത്. പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ഫയലിൽ പ്രവൃത്തി നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ലാത്തതിനാൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്താതെയാണ് ഫൈനൽ ബിൽ അനുവദിച്ചിരിക്കുന്നതെന്നും കാണുന്നു . ആയതിനാൽ റോഡ് നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ രണ്ട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറുമീറ്ററിൽ കൂടുതൽ വീതിയിലുള്ള റോഡിലെ മുഴുവൻ പ്രവൃത്തികൾക്കുമായി പദ്ധതി തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതും ഭാവിയിൽ ഗുണനിലവാരമുള്ള റോഡുകളുടെ നിർമ്മാണം ഉറപ്പ്

വരുത്തേണ്ടതുമാണ്.

1-11 ഈ-ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കാനുള്ള തുക ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചില്ല

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പാക്കിയ പൊതുമരാമത്ത് പദ്ധതികളുടെ ടെണ്ടർ ഫീ ഇനത്തിൽ ആകെ 29326/- രൂപ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കിയിട്ടുണ്ട് എന്നാൽ ഓഡിറ്റ് വർഷം ഇ-ടെണ്ടർ നടത്തിയ പൊതുമരാമത്ത് പദ്ധതികളുടെ ടെണ്ടർഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക ബ്ലോക്ക് പഞ്ചായത്തിലേക്ക് അടവാക്കിയിട്ടില്ല. 20-21 വർഷത്തെ ടെണ്ടർ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികളിലാണ് ഈ-ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1-ഇരിങ്ങണ്ണൂർ ടൗൺ സാനിറ്ററി മാർട്ട് പ്രോജക്ട് നം-74(അടങ്കൽ-1531059)

2-പായിക്കുണ്ട് പദ്ധതി പൂർത്തീകരണം .പ്രോജക്ട്-57(അടങ്കൽ-803011)

3-പടിഞ്ഞാറെക്കണ്ടിമുക്ക് കരിവണ്ണൂർ റോഡ്.പ്രോജക്ട്-47(അടങ്കൽ-535684)

4-തലായി മുതുവടത്തൂർ റോഡ്-പ്രോജക്ട്-52(അടങ്കൽ-535096)

5-പാനോം അങ്കണവാടി പൂർത്തീകരണം-പ്രോജക്ട്-43(അടങ്കൽ-504365)

മേൽ പദ്ധതികളുടെ ഇ-ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കി അറിയിക്കേണ്ടതാണ്.

1-12 ക്ഷീരസംഘങ്ങൾ മുഖേന പാലിന് സബ്സിഡി -വിനിയോഗവിവരം,പ്രൊജ്ക്ട് രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ട് നം – 20/2020-21

നിർവ്വഹണം – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ – 1945000/-(പൊതുവിഭാഗം സാധാരണ വിഹിതം)

ചെലവ് തുക – 1844600/-(25.09.2020 മുതൽ 31.03.2021 തിയ്യതി വരെയുള്ള ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ നടപടിക്രമം/-)

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരസഹകരണ സംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകർക്ക് ലിറ്ററിന് പരമാവധി 4/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനാണ് പ്രൊജക്ട് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിനായി വിവിധ തീയതികളിലെ ഓഫീസ് നടപടിക്രമങ്ങൾ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ ട്രഷറി അക്കൗണ്ടിലേയ്ക്ക് തുക കൈമാറി 1844600/- രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽ പ്രൊജക്ട് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്തുകൾക്ക് തുക കൈമാറിയത് സംബന്ധിച്ച വിവരം, വിവിധ ഗ്രാമ പഞ്ചായത്തുകൾ തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-13 ഐ.എസ്.ഒ സർട്ടിഫിക്കേഷൻ - അപാകതകൾ

ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നം. | 119/21 |
| അടങ്കൽ | 29000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 29000/- |
| ബിൽനം. തി. | 5/20-21/28.04.20 |

മേൽ പദ്ധതിയിലുൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെ റെക്കോഡ് റൂമിലേക്ക് ആവശ്യമായ റാക്കുകൾ നിർമ്മിച്ച് നൽകിയ വകയിൽ 29000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക മനോജൻ എ.കെ. അരക്കണ്ടിമീത്തൽ, പേരോട് എന്നയാൾക്കാണ് നൽകിയത്. എന്നാൽ മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കാതെയാണ് പദ്ധതി നടത്തിയിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/19-20/24.3.22) മറുപടി നൽകിയിട്ടില്ല. പദ്ധതി നിർവ്വഹണത്തില വീഴ്ചയ്ക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതാണ്.

## 1-14 പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ് - ഡാറ്റാ എൻട്രി ഇനത്തിൽ അധിക ചെലവ്

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നം. | 1/21 |
| അടങ്കൽ | 60000/- |
| ഫണ്ട് | വികസന ഫണ്ട് |
| ചെലവ് | 22957/- |
| ബിൽനമ്പർ തീയതി | 5811/23.03.21 |

ഓഡിറ്റ് വർഷത്തെ പദ്ധതികൾ ഡാറ്റ എൻട്രി ചെയ്ത വകയിൽ 2145/- രൂപ ഉഷ അംബ്രോളി, പുറമേരി (പി.ഒ) എന്നവർക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് ഓഫീസിൽ ടൈപ്പിസ്റ്റിന്റെ മുഴുവൻ സമയ സേവനം ലഭ്യമായിരിക്കേ, ഡാറ്റാ എൻട്രിക്ക് പുറത്ത് നിന്നുള്ള ആളെ നിയോഗിക്കാനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം10/21/25.3.22) മറുപടി നൽകിയിട്ടില്ല. ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പദ്ധതി രൂപീകരണം,നിർവ്വഹണം,മോണിറ്ററിംഗ് - ഡാറ്റാ എൻട്രി ഇനത്തിൽ അധിക ചെലവ്

ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണം, നിർവ്വഹണം,മോണിറ്ററിംഗ് എന്ന പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്റ്റ് നം. | 1/21 |
| അടങ്കൽ | 60000/- |
| ഫണ്ട് | വികസന ഫണ്ട്<br>ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി രൂപീകരണം, നിർവ്വഹണം, മോണിറ്ററിംഗ് എന്ന പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>നിർവ്വഹണം: സെക്രട്ടറി<br>പ്രോജക്റ്റ് നം.: 1/21<br>അടങ്കൽ: 60000/-<br>ഫണ്ട്: വികസന ഫണ്ട്<br>ചെലവ്: 22957/-<br>ബിൽനം. തി.: 5811/23.03.21<br>ഓഡിറ്റ് വർഷത്തെ പദ്ധതികൾ ഡാറ്റ എൻട്രി ചെയ്ത വകയിൽ 2145/- രൂപ ഉഷ അംബ്രോളി, പുറമേരി (പി.ഒ) എന്നവർക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് ഓഫീസിൽ ടൈപ്പിസ്റ്റിന്റെ മുഴുവൻ സമയ സേവനം ലഭ്യമായിരിക്കേ, ഡാറ്റാ എൻട്രിക്ക് പുറത്ത് നിന്നുള്ള ആളെ നിയോഗിക്കാനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം10/21/25.3.22) മറുപടി നൽകിയിട്ടില്ല. ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്. |
| ചെലവ് | 22957/- |

| | |
|---|---|
| ബിൽനം. തി. | 5811/23.03.21 |

ഓഡിറ്റ് വർഷത്തെ പദ്ധതികൾ ഡാറ്റ എൻട്രി ചെയ്ത വകയിൽ 2145/- രൂപ ഉഷ അംബ്രോളി, പുറമേരി (പി.ഒ) എന്നവർക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് ഓഫീസിൽ ടൈപ്പിസ്റ്റിന്റെ മുഴുവൻ സമയ സേവനം ലഭ്യമായിരിക്കേ, ഡാറ്റാ എൻട്രിക്ക് പുറത്ത് നിന്നുള്ള ആളെ നിയോഗിക്കാനുള്ള കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം10/21/25.3.22) മറുപടി നൽകിയിട്ടില്ല.ചെലവ് തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 23.03.2022-24.03.2022 | |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വാണിമേൽ ഗ്രാമപഞ്ചായത്ത് | 2020-21 | 400000 | പാണോം അങ്കണവാടി ബിൽഡിംഗ് വർക്ക് | 400000 | 0 |
| വാണിമേൽ ഗ്രാമപഞ്ചായത്ത് | 2020-21 | 210000 | പി.എം.എ.വൈ വിഹിതം | 210000 | 0 |
| വളയം ഗ്രാമപഞ്ചായത്ത് | 2020-21 | 70000 | പി.എം.എ.വൈ വിഹിതം | 70000 | 0 |
| ചെക്യാട് ഗ്രാമപഞ്ചായത്ത് | 2020-21 | 770000 | പി.എം.എ.വൈ വിഹിതം | 770000 | 0 |
| തൂണേരി ഗ്രാമപഞ്ചായത്ത് | 2020-21 | 280000 | പി.എം.എ.വൈ വിഹിതം | 280000 | 0 |
| പുറമേരി ഗ്രാമപഞ്ചായത്ത് | 2020-21 | 70000 | പി.എം.എ.വൈ വിഹിതം | 70000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

-ഇല്ല-

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

-ഇല്ല -

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനപദ്ധതി-വായ്പ | ജി.ഒ(എം.എസ്)നം-90/2013എൽ.എസ്.ജി.ഡി തീയതി-14.10.2013 | | 678859/- | 84238/- | | 594621/- |

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല-

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 38 | 2002-03 | 11(2) 114 | തുണേരി മൃഗാശുപത്രി ക്വാർട്ടേഴ്സ് | 1)ഫൈനൽ ബിൽ ഓഡിറ്റിന് നൽകണം 2)പരിശോധിച്ച് നിയമസഭ സമിതിക്ക് റിപ്പോർട്ട് നൽകണം |

| | | | | | |
|---|---|---|---|---|---|
| 2001-02 | | 2003-04 | 4.13<br>150 | മുൻകൂർ തുകയും അനുബന്ധ സാധനങ്ങളും നൽകിയിട്ടും പ്രവൃത്തി തുടങ്ങിയില്ല. | |
| സ്പെഷ്യൽ ഓഡിറ്റ് റിപ്പോർട്ട് | | 2017-18 | 2.5.348 | റോഡുകളുടെ ചുമതലാ വിഭജനം | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1999-00 | 34, 43 | ടി.ടി.കുഞ്ഞിക്കണാരൻ, സെക്രട്ടറി(റിട്ട) | LF.16206/ Spl.Cell SC.5/03dt.24.07.04 | 11454 | 11454 DD No. 244647 Dt. 22.05.2018 SBI Kallachi | - | - | - | 11454 | 0 | - |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : 54799179 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 59386390 |
| വരവിനങ്ങളിലുള്ള നഷ്ടം | : - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 2145/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | | 2145/- | ശ്രീമതി.രജിത കെ. വരപ്രസാദം, തുരുത്തിയാട്,ബാലുശ്ശേരി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| -ഇല്ല- | | |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

-ഇല്ല-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

-ഇല്ല-

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രജിത.കെ. സെക്രട്ടറി | സെക്രട്ടറി ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്,പുഴക്കൽ | ശ്രീമതി.രജിത കെ. വരപ്രസാദം, തുരുത്തിയാട്,ബാലുശ്ശേരി |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം | ഖണ്ഡിക എണ്ണം |
|---|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി. പി.8/860/2021(1)/18.12.2021 | 38,39,41 | 3 |
| 2001-02(ചെലവ്) | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(2)/18.12.2021 | 9 | 1 |
| 2001-02 -വരവ് | കെ.എസ്.എ.കെ.കെ.ഡി. | 8(5),10 | 2 |

| | | | |
|---|---|---|---|
| | പി.7/856/2018(6)/ 25.05.2018 | | |
| 2005-06 | കെ.എസ്.എ.കെ.കെ.ഡി. പി.7/856/2018/25.05.2018 | 3-8 | 1 |
| 2006-07 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(3)/18.12.2021 | 3-8, 3-9, 3-12, 3-14, 3-15, 3-16 | 6 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി. പി.8/860/2021(4)/ 18.12.2021 | 3-9, 3-13(ബി) | 2 |
| 2010-11 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(06) /18.12.2021 | 3-5, | 1 |
| 2011-12 & 2012-13 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(7)/18.12.2021 | 3-1(4),3-1(5),3-2 | 3 |
| 2013-14 & 2014-15 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(8)/18.12.2021 | 3-9 | 1 |
| 2015-16 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(09)/ 18.12.2021 | 2-1,3-1,3-2,3-3,3-4 | 5 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(10)/ 18.12.2021 | 3-1, 3-3, 3-4,3-5, 3-9, 3-12, 3-13, 3-14 | 8 |
| 2017-18 | നം.കെ.എസ്.എ.കെ.കെ.ഡി. പി8/860/2021(11)/18.12.2021 | 1-10,2-1,3-2,3-3,3-4,3-5 | 6 |
| 2018-19 | നം.കെ.എസ്.എ.കെ.കെ.ഡി. പി12/382/20/13.0.2020 | 1-4,1-5,1-6,1-7 മുതൽ 1-15 വരെ | 12 |

മേൽ റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്